**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് ലോൺ കുടിശ്ശിക ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത ശേഷം മാരക രോഗത്താലോ മരണംമൂലമോ കുടിശ്ശികയായവരുടെ കുടുംബങ്ങൾക്ക് ബാധ്യതയിൽ നിന്ന് ഒഴിവായിക്കിട്ടാൻ എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; | (എ) | സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത ശേഷം മാരക രോഗത്താലോ മരണം മൂലമോ കുടിശ്ശികയായവരുടെ കുടുംബങ്ങൾക്ക് ഇളവുകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയിട്ടുണ്ട്.<br><br>കൂടാതെ മരണപ്പെട്ടതോ/ മാരകരോഗം പിടിപെട്ടതോ ആയവർക്ക് "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" (റിസ്ക് ഫണ്ട് പദ്ധതി – 2008 ) പ്രകാരം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കാറുണ്ട്. മരണപ്പെട്ടതോ/ മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതും, മരണപ്പെടുന്ന തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ വായ്പാമുതൽ തിരിച്ചടവിൽ 6 മാസത്തിൽ അധികരിക്കാതെ കുടിശ്ശികയായ വായ്പകൾക്കാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി വ്യവസ്ഥ പ്രകാരം മരണാനന്തര ആനുകൂല്യം/ചികിത്സാ ആനുകൂല്യം ലഭിക്കുന്നത്. |
| (ബി) | ബാങ്ക് ഭരണസമിതികൾ പ്രസ്തുത ബാധ്യത ഒഴിവാക്കി കൊടുക്കാൻ തീരുമാനമെടുക്കുന്നപക്ഷം ആയതിന് സർക്കാർ അനുമതി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ/ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ/പൂർണ്ണ മായോ സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായുള്ള വിവിധ കമ്മിറ്റികൾക്ക് ഇളവ് അനുവദിക്കുന്നതിന് നവ കേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംഘം ഭരണ സമിതിയുടെ തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ ***സംഘംതല കമ്മിറ്റിക്ക്*** 50,000/- രൂപ വരെ ഇളവ് അനുവദിക്കാവുന്നതാണ്.<br><br>50,000/- രൂപയ്ക്ക് മുകളിൽ രണ്ട് ലക്ഷം രൂപ വരെയുള്ള ഇളവുകൾ സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റേയും, സംഘ തല കമ്മിറ്റിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ***ജില്ലാതല കമ്മിറ്റിയ്ക്ക്*** അനുവദിക്കാവുന്നതാണ്.<br><br>രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും ജില്ലാതല കമ്മിറ്റിയുടെയും, ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) - ശുപാർശയുടെയും അടിസ്ഥാനത്തിൽ ***സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക്*** അനുവദിക്കുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ